നികുതി ഇളവുകൾ നിർത്തലാക്കണമെന്നും 1.4.2001 മുതൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം ഏർപ്പെടുത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി മുതൽ ജി)വരെ പരിശോധിച്ചു വരുന്നു.

(എച്ച്) നികുതി നിരക്കുകളിലും ആനുകൂല്യങ്ങളിലും സംസ്ഥാനങ്ങൾ തമ്മിലുള്ള കിടമത്സരം ഒഴിവാക്കുകയാണ് മുഖ്യമായും ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം കൊണ്ട് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം 62, ശ്രീ. എ.കെ. മണി, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി.

4 (* 62) വിൽപ്പന നികുതി ഏകീകരിക്കുന്ന നടപടി

ശ്രീ. എ.കെ. മണി :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യ മുഴുവൻ വിൽപ്പന നികുതി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ ഇത് നടപ്പാക്കും;

(സി) ഇത് സംസ്ഥാനത്തിന് ഗുണകരമാണോ ദോഷകരമാണോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഡി) നികുതി നിയമം ഏകീകരിക്കുമ്പോൾ നികുതി ഘടന എപ്രകാരമായിരിക്കും;

(ഇ) സംസ്ഥാനത്ത് ഏറ്റവും കൂടിയ വിൽപ്പന നികുതി എത്രയാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) 16.1.1999-ൽ ന്യൂഡൽഹിയിലെ പാർലമെന്റ് അനക്സിൽവച്ച് ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ധനകാര്യമന്ത്രിമാരുടെയും യോഗത്തിൽവച്ച് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബാധകമായ തരത്തിൽ നികുതിനിരക്കുകളിൽ ഏകീകൃത ഫ്ളോർ റേറ്റുകൾ (uniform floor rates) ഏർപ്പെടുത്താൻ തീരുമാനിച്ചു.

(ബി) 1.1.2000 മുതൽ നടപ്പാക്കാനാണ് തീരുമാനം.

(സി) പരിശോധിച്ചുവരുന്നു.

(ഡി) നികുതി നിയമം ഏകീകരിക്കാൻ തീരുമാനിച്ചിട്ടില്ല. നിരക്കുകളിൽ ഫ്ളോർ റേറ്റ് ഏർപ്പെടുത്താനാണ് തീരുമാനം.

(ഇ) 100% (വിദേശ നിർമ്മിത വിദേശമദ്യത്തിന്)

ശ്രീ. പി. രാഘവൻ : സർ, ഇന്നത്തെ നിലയിൽ നമ്മുടെ അയൽപ്രദേശമായ മാഹിയിൽനിന്ന് ഓരോകൊല്ലവും കോടിക്കണക്കിന് രൂപവിലയുള്ള സാധനങ്ങളാണ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്. ഈ ഏകീകൃത വിൽപ്പന നികുതി ഏർപ്പെടുത്തുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് എത്രകോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഏകീകൃത വിൽപ്പന നികുതി നിയമം എന്നുപറഞ്ഞാൽ ഇപ്പോൾ 1994-ൽ ഫൈനാൻസ് മിനിസ്റ്റേഴ്സ് മീറ്റിംഗിൽ ഇൻഡ്യയിൽ അവർ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ ശുപാർശ 1995-ൽ വന്നു. ശ്രീ. ജ്യോതിബാസു ചെയർമാനായിട്ട് എല്ലാ പാർട്ടിയിലുംപെട്ട മുഖ്യമന്ത്രിമാരുണ്ട്. അവരുടെ പരിശോധനയ്ക്ക് അയച്ചു. അവരുടെ ശുപാർശ അനുസരിച്ചാണ് ഇപ്പോൾ ഇത് ഐകകണ്ഠ്യേന എല്ലാവരും ചേർന്ന് തീരുമാനിച്ചു. ഇതിൽ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച മാഹിയിലെ കാര്യത്തെക്കുറിച്ച് പറയാം. ഇത് യൂണിഫോം ഫ്ളോർ റേറ്റാണ്. ഫ്ളോർ റേറ്റ് എന്നുപറഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് 5 റേറ്റാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. കാറ്റഗറി(1) (zero on exempted items) അത് 25 സാധനങ്ങളുണ്ട്.

കാറ്റഗറി-2: അതിൽ 4% ഫ്ളോർ റേറ്റ്, അതിൽ 41 ഗുഡ്സ് ഉണ്ട്.

കാറ്റഗറി-3: 8% ഫ്ളോർ റേറ്റ്- അതിൽ 74 ഐറ്റംസ് ഉണ്ട്.

കാറ്റഗറി-4: 12% ഫ്ളോർ റേറ്റ്-അതിൽ 57 ഐറ്റംസ് ഉണ്ട്.

കാറ്റഗറി-5 (എ) ഫ്ളോർ റേറ്റ് 20%, 5 (ബി) 1%.

ഇങ്ങനെയാണ് സർ അവരുടെ ശുപാർശ. ഇതിൽ ആ ഫ്ളോർ റേറ്റിൽ താഴാൻ പാടില്ലെന്ന് മാത്രമേയുള്ളൂ. ഫ്ളോർ റേറ്റിനു മേലേ ഏത് സംസ്ഥാനത്തിനും പിരിക്കാം. അതുകൊണ്ട് ഫ്ളോർ റേറ്റിൽ താഴാത്തതുകൊണ്ട് ഇതിൽ പറഞ്ഞ ഫ്ളോർ റേറ്റിലും താണ നികുതിയാണ് പല സാധനങ്ങൾക്കും മാഹിയിലുള്ളത്. മാഹിയിൽ നികുതി സ്വൽപ്പം ഈ പ്രിസ്ക്രൈബ് ചെയ്ത ഫ്ളോർ റേറ്റിലും താഴ്ന്നതാണ്. അപ്പോൾ ആ താഴ്ന്നത് അങ്ങനെ താഴ്ത്തിവയ്ക്കാൻ പറ്റില്ല. 1.1.2000 മുതൽ ആ പ്രിസ്ക്രൈബ് ചെയ്തിട്ടുള്ള ഫ്ളോർ റേറ്റ് എങ്കിലും ആക്കണം മാഹിയിൽ എല്ലാ സ്റ്റേറ്റിലും അത് ആക്കണം, യൂണിയൻ ടെറിറ്ററിയിലും ആക്കണം. ഫ്ളോർ റേറ്റിന് മേലേയാക്കാൻ ഒരു തടസ്സവുമില്ല. ഫ്ളോർ റേറ്റിന് താഴെ ഈ ടാക്സ് റേറ്റ് വാർ, ഈ റേറ്റ് കുറച്ച് കുറച്ച് ഉള്ള ഒരു കിടമത്സരം ഒഴിവാക്കാൻ വേണ്ടിയാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം. അതുകൊണ്ട് ഏറ്റവും വലിയ ഫ്ളോർ റേറ്റിൽ നിന്ന് താണതാണ് അതിന് മേലേ എത്രവേണമെങ്കിലും കൊണ്ടുവരാം. ഇത് മുഴുവൻ ആ ഐറ്റവും കോഡിഫൈ ചെയ്ത് നോക്കുമ്പോൾ മാഹിയിൽ ഫ്ളോർ റേറ്റ് നടപ്പിലാക്കുമ്പോൾ നമ്മുടെ ലാഭം എത്രവരുമെന്ന് അതുകൊണ്ട് എത്ര വരുമാനം നമുക്ക് അധികമായിട്ടുണ്ടാവുമെന്ന് പറയാൻ ഇപ്പോൾ കഴിയുകയില്ല. എന്തായാലും അധിക വരുമാനമുണ്ടാകും എന്നുള്ളതിന് സംശയമില്ല.

ശ്രീ. പി. രാഘവൻ : ഏകീകൃത വിൽപ്പന നികുതി വരുന്നതോടുകൂടി ഏതെല്ലാം ഇനങ്ങളുടെ നികുതി കൂടും, ഏതെല്ലാം ഇനങ്ങളുടെ നികുതി കുറയുമെന്ന് ഗവണ്മെന്റിന് വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ഇപ്പോൾ നൽകിയ ഉത്തരം തന്നെ അത് ഇംപ്ലൈഡ് ആണ്. എന്താ കാര്യമെന്ന് ചോദിച്ചാൽ, കേരളത്തിൽ ഇപ്പോഴുള്ളത് 5 കാറ്റഗറിയാണ്. അതിൽ അഞ്ച് ഷെഡ്യൂൾ ആണ് ഉള്ളത്. ഒന്നാം ഷെഡ്യൂൾ-17 റേറ്റ്സ് ഉണ്ട്, രണ്ടാം ഷെഡ്യൂൾ declared goods- ആണ്, 3-ാം റേറ്റ്സ് exempted items ആണ്, 4-ാമത് നെറ്റ് വർക്ക്സ് കോൺട്രാക്ടാണ്, 5-ാമത്തെത് Two point tax ആണ്. ഇതിൽ ഫ്ളോർ റേറ്റ് നോക്കുമ്പോൾ ഫസ്റ്റ് കാറ്റഗറിയിൽ 25 ഗുഡ്സ്, കാറ്റഗറി-രണ്ടിൽ 41 ഗുഡ്സ്, കാറ്റഗറി -3-ൽ 74 ഐറ്റം, അതൊക്കെ ലിസ്റ്റ് ചെയ്തിട്ടുണ്ട്, കാറ്റഗറി-നാലിൽ 57 ഐറ്റം, കാറ്റഗറി-അഞ്ചിൽ 4 ഐറ്റം, എ-യിൽ അഞ്ച് ഐറ്റം, ബി- യിൽ 4 ഐറ്റം, ഇതെല്ലാം കൂട്ടിക്കഴിഞ്ഞാൽ നമുക്ക് ഏതെല്ലാം സാധനങ്ങൾക്കാണ് വിലയെന്ന് പരിശോധിച്ചു വരികയാണ്. 13-ാം തീയതി സതേൺ സ്റ്റേറ്റ്സിലെ കമ്മി 885/2010.

ഷണർ ഫോർ കമേഴ്സ്യൽ ടാക്സിൽ ടാക്സസിന്റെ ഒരു യോഗം വിളിച്ചിരുന്നു. ഒരു ഏകീകൃത സ്വഭാവമുണ്ടാക്കാൻ വേണ്ടിയാണിത്. നോർത്തേൺ സോണിൽ നടന്നു, സതേൺ സോണിൽ നടക്കുകയാണ്. ഏതായാലും 1.1.2000-മുതൽ മുഖ്യമന്ത്രിമാരുടെ സമ്മേളനം തീരുമാനിച്ചതുപോലെ ഫ്ളോർ റേറ്റ് തീരുമാനിക്കും, ഇതൊരു ഇടക്കാല ഏർപ്പാടാണ്. കാരണം, 1.4.2001-ഓടുകൂടി മൂല്യവർദ്ധിത ടാക്സസ് വരാൻ പോകുകയാണ്. വാല്യൂ ആഡഡ് ടാക്സ് വരുന്നതോടുകൂടി ഇതിന്റെ റിലവൻസ് പോയി, ഇതൊരു ഇടക്കാല ഏർപ്പാടാണ്. വാല്യൂ ആഡഡ് ടാക്സ് 1.4.2001 തൊട്ട് നടപ്പിലാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് വന്നു കഴിഞ്ഞാൽ ഈ ടാക്സിംഗ് സിസ്റ്റം മുഴുവൻ മാറും. ഇതൊരു ഇടക്കാല ഏർപ്പാട് മാത്രമാണ്. മുഴുവൻ കമ്പ്യൂട്ട് ചെയ്തുകൊണ്ടുവരാൻ സാധിച്ചിട്ടില്ല, ഇത്ര സാധനങ്ങളുടെ വില കൂടും കുറയുമെന്നുള്ളത് കമ്പ്യൂട്ട് ചെയ്യാൻ സാധിച്ചിട്ടില്ല.

<u>ശ്രീ. പി. വിശ്വൻ</u> : ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം വരികയാണല്ലോ, ഇപ്പോൾ തന്നെ വരുമാനത്തിന്റെ തോതനുസരിച്ച് നികുതി പിരിച്ചെടുക്കാൻ കഴിയുന്നില്ല. പല പഴുതുകളുണ്ടാക്കാൻ കഴിയുന്നുണ്ട്. എല്ലാ പഴുതുകളുമടച്ച് വിൽപ്പന നികുതി ലഭിക്കത്തക്ക വിധത്തിൽ ഒരു സെയിൽസ് ടാക്സ് നയം കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : എല്ലാ പഴുതുകളും അടച്ച്-ടാക്സ് ഇവേഷൻ -ടാക്സിൽ നിന്നും രക്ഷപ്പെടുന്നത് ഒഴിവാവാൻ ആണ് വാല്യൂ ആഡഡ് ടാക്സ്. വാല്യൂ ആഡഡ് ടാക്സ് വന്നാൽ ഒഴിവാക്കാൻ പറ്റില്ല. ടാക്സ് ഇവേഷൻ പറ്റില്ല. അതിനുവേണ്ടിയാണ് വാല്യൂ ആഡഡ് ടാക്സ് എന്ന സങ്കൽപ്പം. ലോകത്തിൽ പരിഷ്കൃത രാജ്യങ്ങളിൽ എവിടെയാണ് വാല്യൂ ആഡഡ് ടാക്സ്. ഇവിടെ നടപ്പിലാക്കണമെങ്കിൽ കുറെ ഹോംവർക്ക് ആവശ്യമുണ്ട്. മർച്ചന്റ്സിനെ പഠിപ്പിക്കണം, കൺസ്യൂമർക്ക് മനസ്സിലാകണം, ഉദ്യോഗസ്ഥന്മാർക്ക് മനസ്സിലാകണം. വാല്യൂ ആഡഡ് ടാക്സിന് കുറെ ഹോം വർക്ക് വേണമെന്നുള്ളതുകൊണ്ടാണ് ഒരു കൊല്ലത്തെ സമയം വന്നിട്ടുള്ളത്. അതിനിടയിൽ സെമിനാർ, വർക്ക്ഷോപ്സ് ഇതെല്ലാം നടത്തി VAT വന്നു കഴിഞ്ഞാൽ ഒരു കാരണവശാലും ഇവേഷൻ മിനിമൈസ് ചെയ്യാൻ to the top bottom മിനിമൈസ് ചെയ്യാൻ വേണ്ടി സാധിക്കും. അതാണ് വാല്യൂ ആഡഡ് ടാക്സ് കൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. പി. വിശ്വൻ</u> : ബഡ്ജറ്റിൽ വിഭാവനം ചെയ്ത സെയിൽസ് ടാക്സ് നികുതിയിൽ നിന്നും വ്യത്യസ്തമായിട്ട് ഏതെങ്കിലും തരത്തിൽ സെയിൽസ് ടാക്സ് നികുതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഓരോ ഇനത്തിലും എത്ര സെയിൽ ടാക്സ് കിട്ടുമെന്ന് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടില്ല. സെയിൽസ് ടാക്സ് ആകെ എത്രയെന്നേ കണക്കാക്കിയിട്ടുള്ളൂ. അല്ലാതെ ഓരോ ഇനത്തിലും എത്ര രൂപ പ്രതീക്ഷിക്കുന്നുവെന്ന് ബഡ്ജറ്റിൽ ഇല്ല. അതുകൊണ്ട് ഓരോ ഇനത്തിലും കിട്ടിയിട്ടുണ്ടോയെന്ന് അറിയില്ല. പക്ഷേ നമുക്ക് കമ്പ്യൂട്ടേഷൻ ഉണ്ട്, ഓരോ സാധനങ്ങൾക്കും എത്ര കിട്ടുമെന്നുള്ളതിനെ സംബന്ധിച്ച് സെയിൽസ്ടാക്സ് (കമേഴ്സ്യൽ ടാക്സസ്) ഡിപ്പാർട്ടുമെന്റിന് അറിയാം. ഒരു പ്രൊജക്ഷൻ ഉണ്ട്, അത് കിട്ടുന്നുണ്ടോയെന്ന് നോക്കുന്നുണ്ട്. അല്ലാതെ ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നതുപോലെ ഓരോ ഐറ്റത്തിനും ടാക്സ് കിട്ടുന്നുണ്ടോ? അങ്ങനെ വിഭാവനം ചെയ്തിട്ടില്ല, sales tax as a whole വരുമാനം കാണിച്ചിട്ടേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. തോമസ് : വിൽപ്പന നികുതി ഏകീകരിക്കുന്നു എന്നുള്ള വാർത്ത വന്നതിനെത്തുടർന്ന് ടാക്സ് എക്സ്പെർട്സ് വ്യത്യസ്തമായിട്ടുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ഗവണ്മെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. ശിവദാസമേനോൻ : അത് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. 27.5.1994-ന് ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെ യോഗത്തിൽവച്ച് ഒരു കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റിയെ അധികാരപ്പെടുത്തി, ടാക്സ് റിഫോംസിനെപറ്റി 1995 ആഗസ്റ്റിൽ തന്നെ റിപ്പോർട്ട് തന്നു. അത് കേന്ദ്രത്തിൽ പ്രോസസ് ചെയ്യാൻ സമയമെടുക്കും, അങ്ങനെ 16.11.1999-ന് യോഗം വിളിച്ചുകൂട്ടി, അതിനുമുൻമ്പ് ഒരു യോഗം വച്ചു, അതിൽ മുഖ്യമന്ത്രിമാരുടെ ഒരു കമ്മിറ്റി വച്ചു, ആ കമ്മിറ്റിയോട് ഇത് പരിശോധിക്കുവാൻ പറഞ്ഞു, ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെ റെക്കമെന്റേഷൻ പരിശോധിച്ചു, മുഖ്യമന്ത്രിമാരുടെ സബ് കമ്മിറ്റി അത് ഫുൾ ആയിട്ട് എൻഡോഴ്സ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. 1994-ൽ ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെ സബ് കമ്മിറ്റി-യുടെ ശുപാർശകൾ in, toto, chief Ministers committee in toto അംഗീകരിക്കുകയും അത് മുഖ്യമന്ത്രിമാരുടെയും സംസ്ഥാന ധനകാര്യമന്ത്രിമാരുടെയും യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയും അവിടെ യുനാനിമസ്സായി തീരുമാനിക്കുകയും ചെയ്തു, ഇനിയിപ്പോൾ വലിയ പഠനത്തിന് സ്കോപ്പില്ല, പഠിക്കാനാണ് ഈ സബ് കമ്മിറ്റിയുണ്ടാക്കിയത്, അവർ നടന്നു പഠിച്ചു, അത് ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെ കമ്മിറ്റിയാണ്. 1994-ലെ ഫൈനാൻസ് മിനിസ്റ്റേഴ്സിന്റെ സബ്കമ്മിറ്റിയുടേത് മുഖ്യമന്ത്രിമാരുടെ സബ് കമ്മിറ്റി വളരെ hair split ആയിട്ട് പഠിച്ചു, പഠിച്ചിട്ട് in toto അംഗീകരിച്ചു. കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിമാരുടെയും ധനകാര്യവകുപ്പുമന്ത്രിമാരുടെയും 19.11.1999 -ലെ യോഗത്തിൽ റിപ്പോർട്ട് വച്ചു, അത് സമ്പൂർണ്ണമായി ഐകകണ്ഠ്യേന അംഗീകരിച്ചു. ഇനി മിഡിൽ ജനുവരിയിൽ മുഖ്യമന്ത്രിമാരുടെ യോഗം ഒരിക്കൽ കൂടി വിളിക്കുന്നുണ്ട്, ഇത് ഒന്ന് റിവ്യൂ ചെയ്യാൻ വേണ്ടിയാണ്. അതുപോലെ കേന്ദ്രനോമിനേറ്റ് ചെയ്യുന്ന ധനകാര്യമന്ത്രിമാരുടെ ഒരു സബ്കമ്മിറ്റി അല്ലെങ്കിൽ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയായി ടാക്സേഷന്റെ പുരോഗതി നമ്മുടെ തീരുമാനപ്രകാരം നടക്കുന്നുണ്ടോയെന്ന് നോക്കാൻ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കണമെന്നും കഴിഞ്ഞ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ തീരുമാനിച്ചു.

ശ്രീ. എം.എ. തോമസ് : സർ, ഏകീകൃത വിൽപ്പന നികുതി സംവിധാനം നിലവിൽ വരുന്ന സമയത്ത് ജസ്റ്റീസ് രാധാകൃഷ്ണൻ കമ്മിഷൻ അവതരിപ്പിച്ച റിപ്പോർട്ട് അപ്രസക്തമാകുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഏകീകൃത വിൽപ്പന നികുതി എന്നു പറയുന്നതു തന്നെ ഒരു മിസ് നോർമൽ ആണ്. യൂണിഫൈഡ് ടാക്സ് അല്ല. എല്ലാ സാധനങ്ങൾക്കും ഓരേ ടാക്സ് അല്ല. It is floor rates. ഫ്ളോർ റേറ്റ്സ് ആണ് തീരുമാനിച്ചത്. Tax rate war ഇല്ലാതാക്കാൻ. ഫ്ളോർ റേറ്റ്സ് ഏറ്റവും കുറഞ്ഞത് എന്തായിരിക്കും എന്നേ തീരുമാനിച്ചിട്ടുള്ളൂ. അതിനു മേലെ ഓരോ സ്റ്റേറ്റിനും ഓരോന്നാകാം. അത് ഏകീകൃതമല്ല. ഇത് എന്തോ യൂണിഫൈഡ് ടാക്സ് എന്നിവിടെ പറഞ്ഞല്ലോ. അത് മിസ്നോർമൽ ആണ്. ഫ്ളോർ റേറ്റ്സ് മാത്രമേ തീരുമാനിച്ചിട്ടുള്ളൂ. അതിന്റെ മേലെയാകാം എന്ന് മുഖ്യമന്ത്രിമാർ തീരുമാനിച്ചതിന്റെ മിനിറ്റ്സ് എന്റെ കൈയിലുണ്ട്. ഇത് അതിന്റെ മേലെയാകാം. അതുപോലെ ഇൻഡസ്ട്രിക്കു കൊടുക്കുന്ന ഇൻസെന്റീവ് ഓരോ സംസ്ഥാനവും മത്സരിച്ചു കൊടുക്കുകയാണ്.

സെയിൽസ് ടാക്സ് 10 കൊല്ലം തരണ്ട, 5 കൊല്ലം തരണ്ട, മറ്റ് സ്റ്റേറ്റുകൾ പറയും 10 കൊല്ലം തരണ്ട, 20 കൊല്ലം തരണ്ട എന്ന്. ഇങ്ങനെ unhealthy incentive war ഉണ്ടാകും എന്നുള്ളതുകൊണ്ട് പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് വ്യവസായം വരുന്നില്ല, അതുകൊണ്ട് അതും നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. 1.1.2000 മുതൽ ഒരു രീതിയിലുള്ള ഇൻസെന്റീവും ടാക്സ് ഇനത്തിൽ കൊടുക്കാൻ പാടില്ല എന്ന് അസന്ദിഗ്ദ്ധമായി തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ അനുഭവിക്കുന്ന ഇൻസെന്റീവ് 3 കൊല്ലവും കൂടി തുടരാം. ബാക്കി പുതിയ ഇൻസെന്റീവ് വ്യവസായങ്ങൾക്ക് സംസ്ഥാനങ്ങൾ കൊടുക്കരുതെന്ന് ഐകകണ്ഠേന ആ യോഗം തീരുമാനിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*60) ബസ് ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് യാത്ര സുരക്ഷിതമാക്കാനും ബസ് ദുരന്തങ്ങൾ ഒഴിവാക്കാനും സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) 19 പേരുടെ മരണത്തിനിടയാക്കിയ ചടയമംഗലം ബസ് ദുരന്തത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അപകടമുണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ ബസ്സുകളുടെ അമിത വേഗതയും ഓവർലോഡും നിയന്ത്രിക്കാൻ നിലവിലുള്ള നിയമം കർശനമായി നടപ്പാക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കാലപ്പഴക്കം ചെന്നതും കേടുപാടുകൾ യഥാസമയം തീർക്കാത്തതുമായ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതുമൂലമാണ് ബസ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രത്യേകം സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly